## 982

1 ആത്മനാഥനാഗമിപ്പാൻ ആസന്നമായ് ദിനങ്ങൾ
ആടലകന്നാമോദാൽ വാണിടും യുഗായുഗങ്ങൾ

നാഥനേശു വന്നിടും വാനമേഘ വാഹനേ
ചേരും നാം പ്രിയന്നരികിൽ കാണും നാം നേരിൽ നാഥനെ

2 കാഹളങ്ങൾ കേൾക്കുവാനായ് കാതോർക്കുവിൻ നേരമായ്
കാലമേറെയില്ലിനിയും കാത്തിരിക്കാം കുതുകമോടെ-

3 കാലമെല്ലാം തീർന്നിടാറായ് കാന്തനേശു വന്നിടാറായ്
കണ്ണുനീരും തോർന്നിടാറായ് കാന്തയേ നീ ആനന്ദിക്ക-

4 ഉദിക്കാറായ് ഉദയതാരം ഉണർന്നിടാം സോദരരേ
ഉലയാതെയുലകിൽ നാം ഉയർത്തിടാം യേശുവിനെ-

5 പ്രത്യാശാ നാടതിന്നായ് പ്രത്യാശയോടിഹത്തിൽ
പ്രതിവാസരം ഒരുങ്ങാം പ്രിയനാകുമശുവിന്നായ്-

T.C.V.